**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2014** **11-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ ആഭ്യന്തരവകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആഭ്യന്തരവകുപ്പ് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട തൃശ്ശൂർ സിറ്റിയിലെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ 2 ലക്ഷം രൂപക്ക് ഫർണിച്ചർ ലഭ്യമാക്കി. പേരാമംഗലം പോലീസ് സ്റ്റേഷനിൽ നാല് ലക്ഷം രൂപ ചെലവിൽ Ramp & Disabled Friendly Toilet, 74,000/- രൂപയോളം ചെലവിൽ Basic Training Equipments ലഭ്യമാക്കുകയും മൂന്നുലക്ഷം രൂപയോളം ഉള്ള അറ്റകുറ്റപ്പണികൾ നടത്തുകയും 10 ലക്ഷം രൂപ ചെലവിൽ വനിതാ ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ ആക്കി മാറ്റുകയും Upkeep and Maintenance-നായി 3,00,000/- രൂപയോളം ചെലവഴിക്കുകയും ചെയ്തു . വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ നാല് ലക്ഷം രൂപ ചെലവിൽ Ramp & Disabled Friendly Toilet, തൃശ്ശൂർ സിറ്റി യൂണിറ്റിലെ വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള 7 പോലീസ് സ്റ്റേഷനുകളിലേക്ക് 4,50,000/- രൂപ ചെലവിൽ ട്രാഫിക് ഉപകരണങ്ങൾ, ഒരു ലക്ഷം രൂപയോളം ചെലവിൽ ദുരന്തനിവാരണ ഉപകരണങ്ങൾ, ഒന്നര ലക്ഷം രൂപയോളം വിലവരുന്ന ഫർണിച്ചറുകൾ ആറ് ലക്ഷം രൂപ ചെലവിൽ വനിതാ ശിശു സൗഹൃദ സ്റ്റേഷൻ, തൃശ്ശൂർ സിറ്റി യൂണിറ്റിലെ വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള സ്റ്റേഷനുകളിലേക്ക് 4,60,000/- രൂപ ചെലവിൽ ട്രാഫിക് ഉപകരണങ്ങൾ, രണ്ട് ലക്ഷം രൂപയോളം ചെലവിൽ കമ്പ്യൂട്ടർ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും മൂന്ന് ലക്ഷത്തി എൺപതിനായിരം രൂപയോളം ചെലവിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനെ ബേസിക് ട്രെയിനിംഗ് യൂണിറ്റ് സെന്റർ ആക്കി മാറ്റുകയും ചെയ്തു. കൂടാതെ 5,02,000/- രൂപ വീതം വടക്കാഞ്ചേരി, പേരാമംഗലം എന്നീ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി ചെലവഴിച്ചു. അഗ്നി |

| | | | |
|---|---|---|---|
| | | | രക്ഷ സേവന വകുപ്പിൽ വടക്കാഞ്ചേരി അഗ്നിരക്ഷാ നിലയത്തിൽ വിവിധ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കി |
| (ബി) | 2021-22 സാമ്പത്തിക വർഷം മണ്ഡലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2021-2022 സാമ്പത്തിക വർഷം ഫയർ സ്റ്റേഷനുമായി ബന്ധപ്പെട്ട് 48 സിവിൽ ഡിഫൻസ് വളണ്ടിയർമാർക്ക് വിവിധ തരത്തിലുള്ള അഗ്നി രക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകി വരുന്നു. ജുഡീഷ്യറി വകുപ്പിൽ വടക്കാഞ്ചേരിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ട്. |

സെക്ഷൻ ഓഫീസർ